കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകൾ - ദേശീയ നിലവാരം

94 (2370) ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളെ ഇന്ത്യൻ പബ്ലിക് സ്റ്റാൻഡേർഡ് പ്രകാരം ദേശീയ നിലവാരത്തിലുയർത്തുന്നതിന് മുൻസർക്കാർ നടത്തിയ പ്രവർത്തനങ്ങൾ വിശദീകരിക്കാമോ; ഇതിനായി എത്ര കോടി രൂപയാണ് ചെലവഴിച്ചത്;

(ബി) ഈ സർക്കാർ പ്രസ്തുത പ്രവർത്തനങ്ങൾക്കായി എന്തൊക്കെ ചെയ്തെന്നും എന്ത് തുക ഇതുവരെ ചെലവഴിച്ചിട്ടുണ്ടെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) 108 കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളെ ഇന്ത്യൻ പബ്ലിക് സ്റ്റാൻഡേർഡ് പ്രകാരം ദേശീയ നിലവാരത്തിലുയർത്തി. ഇതിനായി 21.59 കോടി രൂപ ചെലവഴിച്ചു.

(ബി) എൻ.എച്ച്.എം. വഴി 15 കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളെ ഇന്ത്യൻ പബ്ലിക് സ്റ്റാൻഡേർഡ് പ്രകാരം ദേശീയ നിലവാരത്തിലുയർത്തി. ഇതിനായി 23.04 കോടി രൂപ നാളിതുവരെ ചെലവഴിച്ചു.

ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ പരിശോധന

95 (2371) ശ്രീ. സി. മമ്മൂട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വേനൽക്കാലമായതോടെ ദാഹശമനത്തിന് കച്ചവടക്കാർ വില്ക്കുന്ന ജ്യൂസ്, സർബത്ത് തുടങ്ങിയവയിൽ ആരോഗ്യത്തിന് ഹാനികരമായ വസ്തുക്കൾ അടങ്ങിയിട്ടുണ്ടോയെന്ന് ഭക്ഷ്യസുരക്ഷാ വകുപ്പ് പരിശോധിക്കാറുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഈ സീസണിൽ ഇതേവരെ എത്ര സാമ്പിളുകൾ എടുത്തു പരിശോധിച്ചിട്ടുണ്ടെന്നതിന്റെ വിശദവിവരം നല്കുമോ;

(സി) ജ്യൂസ്, സർബത്ത് എന്നിവയുണ്ടാക്കാൻ മലിനജലം ഉപയോഗിക്കുന്നു എന്ന റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഇക്കാര്യത്തിൽ ഭക്ഷ്യസുരക്ഷാവകുപ്പ്, ആരോഗ്യവകുപ്പ് എന്നിവ കാര്യക്ഷമമായ പരിശോധനയും, തുടർനടപടികളും സ്വീകരിക്കുമോ?

ഉത്തരം

(എ) പരിശോധിക്കാറുണ്ട്.

GPM. 2/236/2020-25

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ സീസണിൽ ഭക്ഷ്യസുരക്ഷാ വകുപ്പ് സംസ്ഥാനത്തുടനീളം നടത്തിയിട്ടുള്ള പരിശോധനകളിൽ ഇതുമായി ബന്ധപ്പെട്ട് 29 സാമ്പിളുകൾ നാളിതുവരെ ശേഖരിച്ച് ലാബുകളിലേക്ക് പരിശോധനക്ക് അയച്ചിട്ടുണ്ട്. ഇതിൽ രണ്ടെണ്ണം മലിനജലം ഉപയോഗിച്ച് ജ്യൂസ്, സർബത്ത് എന്നിവയുണ്ടാക്കുന്നതുമായി ബന്ധപ്പെട്ടതാണ്. പാലക്കാട് ജില്ലയിൽ 2 സാമ്പിളുകൾ നിശ്ചിത നിലവാരമില്ലാത്തതാണെന്ന് കണ്ടെത്തിയതിനെ തുടർന്ന് കുറ്റക്കാർക്കെതിരെ നിയമനടപടികൾ സ്വീകരിച്ചുവരുന്നു.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കോട്ടയം ജില്ലയിൽ മലിനജലം ഉപയോഗിച്ച് ജ്യൂസ്, സർബത്ത് എന്നിവയുണ്ടാക്കുന്നതുമായി ബന്ധപ്പെട്ട് രണ്ട് കേസുകൾ നിലവിലുണ്ട്.

(ഡി) ജ്യൂസ് നിർമ്മാണ കേന്ദ്രങ്ങൾ ഉൾപ്പെടെയുള്ള സ്റ്റാളുകൾ കൃത്യമായ ഇടവേളകളിൽ ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥർ പരിശോധനയ്ക്ക് വിധേയമാക്കാറുണ്ട്. സംസ്ഥാനത്ത് ജ്യൂസ് കടകൾ നടത്തുന്നവർ പാലിക്കേണ്ട നിബന്ധനകൾ ഇതിനകം പുറപ്പെടുവിച്ചിട്ടുണ്ട്. പരിശോധനയിൽ ടി മാനദണ്ഡങ്ങൾ പാലിക്കാതെ ജ്യൂസ് കടകൾ പ്രവർത്തിപ്പിക്കുന്നവർക്കെതിരെ 2006-ലെ ഭക്ഷ്യ സുരക്ഷാ ഗുണനിലവാര നിയമപ്രകാരം അനുസരിച്ച് നിയമാനുസൃത നടപടികൾ സ്വീകരിച്ചുവരുന്നു.

ആരോഗ്യ വകുപ്പ് ജീവനക്കാരുടെ സ്റ്റാഫ് പാറ്റേൺ

96 (2372) ശ്രീ. ജെയിംസ് മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അൻപത് വർഷം മുൻപ് ആരോഗ്യവകുപ്പ് നിർണ്ണയിച്ച ഡോക്ടർമാർ, നേഴ്സുമാർ, പാരാമെഡിക്കൽ ജീവനക്കാർ എന്നിവരുടെ സ്റ്റാഫ് പാറ്റേൺ അടിയന്തരമായി പുനഃപരിശോധിക്കുമെന്ന പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ അറിയിക്കാമോ;

(ബി) എന്നാൽ നാളിതുവരെയായി ഇത് നടപ്പാക്കിയിട്ടില്ല എന്നത് വിലയിരുത്തിയിട്ടുണ്ടോ;

(സി) എന്തുകൊണ്ടാണിത് നടപ്പാക്കാൻ കഴിയാതിരുന്നതെന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly